പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1781 06.03.2017-ലെ മറുപടിക്ക്

## കുട്ടനാട്ടിലെ യാത്രാക്ലേശം

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | വരുമാനം കുറവുണ്ടെങ്കിലും കുട്ടനാട്ടിലേക്കുള്ള കൈനകരി, പുളിങ്കുന്ന്, ചമ്പക്കുളം, പൂപ്പള്ളി, കണ്ടങ്കരി, എടത്വ, തോട്ടപ്പള്ളി, ചിറയകം, പടഹാരം, കന്നമ്മ എന്നീ സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുട്ടനാട്ടിലെ പ്രധാന സ്ഥലങ്ങളായ പുളിങ്കുന്ന്, കാവാലം എന്നീ സ്ഥലങ്ങൾ ബന്ധിപ്പിച്ചു കൊണ്ട് വരുമാന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് കൃത്യമായി സർവ്വീസ് നടത്തി വരുന്നു. |
| (ബി) | ചക്കുളത്ത്കാവ് പൊങ്കാല, എടത്വാ തിരുനാൾ കാലങ്ങളിൽ കൂടുതൽ ബസ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിൽ ചക്കുളത്ത്കാവ് പൊങ്കാല, എടത്വാ പെരുന്നാൾ എന്നീ ഉത്സവ സമയങ്ങളിൽ ഭക്തജനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് ആവശ്യാനുസരണം സർവ്വീസ് നടത്തിവരുന്നു. |
| (സി) | കുട്ടനാട്ടിലെ ഉൾ പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. യുടെ ചെറിയ ബസ് ഉപയോഗിച്ചുള്ള സർവ്വീസ് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ ? | (സി) | വലിയ ബസ്സുകൾ സർവ്വീസ് നടത്തുവാൻ കഴിയാത്ത റൂട്ടുകളായ പൂവ്വംപള്ളി, മങ്കൊമ്പ് ക്ഷേത്രം, തോട്ടപ്പള്ളി, ചിറയകം സ്ഥലങ്ങളിലേക്ക് ചെറിയ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ചെറിയ ബസ്സുകൾക്ക് എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ